AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 107/2019 05-08-2019

# മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസിന്റെയും കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെയും പരിധിയിൽ കൊണ്ടുവരും: കൃഷിമന്ത്രി

രണ്ടു മാസത്തിനകം സംസ്ഥാനത്തെ മുഴുവൻ കർഷകരെയും വിള ഇൻഷ്വറൻസിന്റെയും കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെയും പരിധിയിൽ കൊണ്ടു വരുന്നതിനുള്ള കാമ്പയിൻ ആരംഭിക്കുമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. പ്രളയാനന്തരം പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ അതിജീവന പാതയിൽ ഉയർന്നു വരുന്ന കാർഷിക മേഖലയിലെ കർഷകർക്ക് ഒരു കൈത്താങ്ങായിരിക്കും വിള ഇൻഷ്വറൻസും കിസ്സാൻ ക്രെഡിറ്റ് കാർഡും. സംസ്ഥാന കൃഷിവകുപ്പിലെ ഫീൽഡ്തല ഉദ്യോഗസ്ഥരുടെ ദക്ഷിണമേഖലാ ശില്പശാലയും അവലോകനയോഗവും തിരുവനന്തപുരം നിശാഗന്ധിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കർഷകരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ ആശ്വാസം കണ്ടെത്താൻ പറ്റുന്ന മാർഗ്ഗങ്ങളാണ് വിള ഇൻഷ്വറൻസും കിസ്സാൻ ക്രെഡിറ്റ്കാർഡും. കിസ്സാൻ ക്രെഡിറ്റ് കാർഡ് സംബന്ധിച്ച വിഷയം സംസ്ഥാന സർക്കാർ നിരവധി തവണ ബാങ്കേഴ്സ് കമ്മിറ്റിയെ ധരിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ബാങ്കുകളുടെ സഹകരണം ഈ വിഷയത്തിൽ ഉണ്ടായിട്ടില്ല എന്ന് മന്ത്രി സൂചിപ്പിച്ചു. എല്ലാ ബാങ്കുകളും വായ്പയുടെ 18 ശതമാനം കാർഷിക മേഖലയ്ക്ക് കൊടുക്കണമെന്നിരിക്കെ കാർഷിക സ്വർണ്ണപ്പണയവായ്പയിലൂടെ ഈ ടാർജറ്റ് പൂർത്തീകരിക്കപ്പെടുന്നതിനാലാണ് കിസ്സാൻ ക്രെഡിറ്റ് കാർഡിന് ബാങ്കുകൾ

പ്രോത്സാഹനം നൽകാത്തത്. എന്നാൽ ഇത്തരം വായ്പകൾ അർഹരായ കർഷകരാണോ കൈപ്പറ്റുന്നതെന്ന് ബാങ്കുകൾ നിരീക്ഷിക്കുന്നതുമില്ല. ഇത് പരിശോധിക്കണമെന്നാണ് ബാങ്കുകളോട് സർക്കാർ ആവശ്യപ്പെട്ടത്. കാർഷിക സ്വർണ്ണപ്പണയ വായ്പ നിർത്തലാക്കുന്നതിന് കൃഷിവകുപ്പ് ആവശ്യപ്പെട്ടിട്ടില്ലെന്നും അത്തരത്തിൽ പ്രചരിക്കപ്പെടുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും മന്ത്രി അഭിപ്രായപ്പെട്ടു. അർഹമായ കാർഷിക വായ്പകൾ കർഷകർക്ക് നിഷേധിക്കപ്പെടുന്നത് വഴി കാർഷികേതര വായ്പകളും കൊള്ളപ്പലിശക്കാരുടെ വായ്പകളും വാങ്ങി കർഷകർ കടക്കെണിയിലാകാതിരിക്കാൻ യഥാർത്ഥ കർഷകർക്ക് കാർഷിക വായ്പകൾ നിഷേധിക്കപ്പെടരുത്. അർഹതയില്ലാത്തവർ നേടുമ്പോൾ അർഹരായവർ കടക്കെണിയിൽ ആകേണ്ട അവസ്ഥ ഉണ്ടാകരുത്. സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പകൾ കൂടുതൽ സുതാര്യവും കാര്യക്ഷമമവുമാക്കണമെന്നാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാടെന്നും മന്ത്രി അറിയിച്ചു. ഈടൊന്നുമില്ലാതെ കിസ്സാൻ ക്രെഡിറ്റ് പദ്ധതി പ്രകാരം നൽകുന്ന കാർഷിക വായ്പാപരിധി 1.6 ലക്ഷം രൂപയിൽ നിന്നും 3.25 ലക്ഷമാക്കി ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. മുഴുവൻ കാർഷിക വായ്പകളും കിസ്സാൻ ക്രെഡിറ്റ് കാർഡ് മുഖേന ആക്കുകയാണ് പ്രശ്നങ്ങൾക്ക് പ്രതിവിധി. കാർഷിക വായ്പകളുടെ കാര്യക്ഷമമായ വിനിയോഗം നടപ്പിലാക്കുന്നതിന് ബാങ്കുകളുടെ ക്രിയാത്മകമായ ഇടപെടലുകൾ കൂടി അനിവാര്യമാണ്. കാർഷിക വായ്പകൾ നൽകുന്നതിന് കൃഷിക്കാരുടെ അടുത്തേക്ക് ബാങ്കുകൾ ചെല്ലുന്ന സമീപനം വേണം. വാഹന വായ്പയ്ക്കും ഗാർഹിക വായ്പയ്ക്കും ബാങ്കുകൾ നടത്തുന്ന കാമ്പയിൻ കാർഷിക വായ്പയ്ക്കും നടത്തി മുഴുവൻ കർഷകരെയും കിസ്സാൻ ക്രെഡിറ്റ് കാർഡ് ഉപഭോക്താക്കളാക്കി മാറ്റണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

നഗര പ്രദേശങ്ങളിലെ ബാങ്കുകളിലാണ് നിലവിൽ ഏറ്റവും കൂടുതൽ കാർഷിക സ്വർണ്ണപ്പണയ വായ്പകൾ നൽകുന്നത്. യഥാർത്ഥ കർഷകർക്കല്ല കാർഷിക വായ്പകൾ ലഭിക്കുന്നത് എന്നതാണ് ഇതിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്. 10 അനർഹർക്ക് കിട്ടിയാലും അർഹതയുള്ള ഒരു കർഷകനും ഒഴിവാക്കപ്പെടാൻ പാടില്ല എന്നതാണ് സർക്കാർ നയം. 76 ലക്ഷം അക്കൗണ്ടുകളിലൂടെ ഈ വർഷം 80803 കോടി രൂപയാണ് വിവിധ ബാങ്കുകൾ കാർഷിക വായ്പകൾ നൽകിയിട്ടുള്ളത്. ഇതിൽ 56000 കോടി രൂപയും കാർഷിക സ്വർണ്ണപ്പണയ വായ്പകളാണ്.

കൃഷിഭവനുകൾ കർഷക സേവന കേന്ദ്രങ്ങളും കർഷക സൗഹൃദ കേന്ദ്രങ്ങളുമായി മാറണമെന്ന് കൃഷിമന്ത്രി ആവശ്യപ്പെട്ടു. പലതരം സേവനങ്ങൾ കർഷകർക്കായി ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. വർഷം തോറും നടത്തി വരുന്ന കർഷകസഭകൾ സോഷ്യൽ ഓഡിറ്റിംഗിനു തുല്യമായ ഒരു സംവിധാനമാണ്. കൃഷിവകുപ്പ് നേരിട്ട് നടത്തിവരുന്ന 400 ആഴ്ചചന്തകളിൽ 300 ചന്തകൾ സജീവമായി പ്രവർത്തിച്ചു വരികയാണ്. ബാക്കിയുള്ളവ ഒരു മാസത്തിനകം ശാക്തീകരിക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ഡാറ്റാ ബാങ്കുമായി ബന്ധപ്പെട്ട പരാതികൾക്കുമേൽ പരിശോധനകൾ നടത്തി ഉടനെതന്നെ ഡാറ്റാബാങ്ക് പ്രസിദ്ധീ കരിക്കേണ്ടതാണ്. 2020 മാർച്ച് 31-നകം കൃഷിവകുപ്പ് പൂർണ്ണമായും ഇ-ഓഫീസ് സംവിധാനത്തിലെത്തും. ഡിസംബർ 31 വരെ ഒരു ബാങ്കിനും ജപ്തി നടപടികൾ നടത്തുവാൻ സാധിക്കുകയില്ലെന്നും മന്ത്രി അറിയിച്ചു.

ശില്പശാലയിൽ വിവിധ ജില്ലകളിൽ നിന്നും ഉദ്യോഗസ്ഥ പ്രതിനിധികൾ പ്രശ്നങ്ങൾ അവതരിപ്പിച്ചു. കൃഷിവകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ ഐ.എ.എസ്. ചടങ്ങിന് സ്വാഗതം പറഞ്ഞു. അഡീഷണൽ ഡയറക്ടർമാർ, ജില്ലാ ഓഫീസർമാർ, വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**